Media Commission
Diocese Of Idukki

ഇടുക്കി രൂപതാ മുഖപത്രം

# ഇടയൻ

വാല്യം : 5 ലക്കം : 1 ഡിസംബർ 2022


## എല്ലാ വായനക്കാർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ



# സെന്റ് ജോസഫ് ഫോർമേഷൻ സെന്റർ ഉത്ഘാടനം ചെയ്തു

ഇടുക്കി രൂപതയിലെ നാലാം വർഷ വൈദീക വിദ്യാർത്ഥികളുടെ പരിശീലനത്തിനായി രാജാക്കാട് നിർമ്മാണം പൂർത്തിയാക്കിയ സെന്റ് ജോസഫ് ഫോർമേഷൻ സെന്ററിന്റെ ഉദ്ഘാടനവും വെഞ്ചരിപ്പും നിർവ്വഹിക്കപ്പെട്ടു. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ മുഖ്യ കാർമ്മികത്വം വഹിച്ചു. തടിയമ്പാടുമുള്ള രൂപതാ മൈനർ സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കിയ വൈദിക വിദ്യാർഥികൾക്ക് ഒരു വർഷത്തെ ആത്മീയ പ്രേഷിത പരിശീലനം നൽകുന്നതിനാണ് പുതിയ ഭവനം.സഭയുടെ ദൗത്യം ക്രിസ്തുവിന്റെ കൽപന നിറവേറ്റുക എന്നതാണ്. ക്രിസ്തുവിന്റെ കൽപന എല്ലാവരെയും സ്നേഹിക്കുക എന്നതാണ്. സകലരെയും സ്നേഹിക്കുകയും സ്നേഹത്തിന്റെ കൽപന പ്രഘോഷിക്കുകയും ചെയ്യുന്ന വൈദീകർ ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ് എന്ന് ബിഷപ്പ് സന്ദേശത്തിൽ ഓർമ്മിപ്പിച്ചു. രൂപതാ വികാരി ജനറാൾമാരായ മോൺ. ജോസ് പ്ലാച്ചിക്കൽ, മോൺ. അബ്രാഹം പുറയാറ്റ് എന്നിവർ സഹകാർമ്മികന്മാരായിരുന്നു. രൂപതയിലെ വൈദികരും വൈദിക വിദ്യാർത്ഥികളും സമർപ്പിതരും എല്ലാ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും ചടങ്ങിൽ സംബന്ധിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ഉഷാകുമാരി ടീച്ചർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെറ്റി കുഞ്ഞ് രാജാക്കാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സതി കുഞ്ഞുമോൻ വാർഡ് മെമ്പർ ശ്രീ ബിൻസു എന്നിവരും സന്നിഹിതരായിരുന്നു.











# പുൽക്കൂട് ഒരുക്കാൻ ആഹ്വാനം ചെയ്ത് ഫ്രാൻസിസ് പാപ്പാ

- ★ വീടുകളിലും സ്ഥാപനങ്ങളിലും പുൽക്കൂട് ഒരുക്കാൻ പാപ്പായുടെ ആഹ്വാനം
- ★ 1223 ൽ വിശുദ്ധ ഫ്രാൻസിസ് അസീസിയാണ് ആദ്യ പുൽക്കൂട് നിർമ്മിച്ചത്

ഉണ്ണീശോയ്ക്ക് പുൽക്കൂട് ഒരുക്കാൻ വിശ്വാസികൾക്ക് ആഹ്വാനവും പ്രചോദനവുമേകി ഫ്രാൻസിസ് പാപ്പയുടെ ട്വിറ്റർ സന്ദേശം. 'ഉണ്ണീശോയ്ക്ക് പുൽക്കൂട് ഒരുക്കുന്നതിലൂടെ നമ്മുടെ കർത്താവ് ആരാണെന്ന് വീണ്ടും പഠിക്കാൻ നമുക്ക് സാധിക്കും,' എന്ന ഓർമപ്പെടുത്തലോടെയായിരുന്നു പാപ്പയുടെ ട്വീറ്റ്. 'അവിടുന്ന് നമ്മുടെ സ്വാതന്ത്ര്യത്തെയും തിരഞ്ഞെടുപ്പുകളെയും മാനിച്ചുകൊണ്ട് എപ്പോഴും ഇടപെടുന്ന, എളിമയാർന്ന സൗമ്യതയുടെയും കരുണയുടെയും സ്നേഹത്തിന്റെയും ദൈവമാണെന്നും,' പാപ്പ ട്വീറ്റിലൂടെ ഉദ്ബോധിപ്പിച്ചു.

പുൽക്കൂടിന് മുന്നിലെത്തി ലോകമെമ്പാടുമുള്ള കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്യുന്ന കുറിപ്പ് രണ്ട് ദിവസംമുമ്പ് പാപ്പ ട്വിറ്ററിൽ പോസ്റ്റ് ചെയ്തതും ശ്രദ്ധേയമായിരുന്നു. 'ലോകം മുഴുവനുമുള്ള എല്ലാ കുഞ്ഞുങ്ങൾക്കും വിശിഷ്യാ ഭീകരതയുടെയും അന്ധകാരത്തിന്റെയും നിഴലിൽ കഴിയാൻ നിർബന്ധിതരാക്കപ്പെട്ട കുഞ്ഞുങ്ങൾക്കും സമാധാനത്തിന്റെ കിരണങ്ങൾ കൊണ്ടുവരാൻ കർത്താവിന്റെ ഈ ക്രിസ്മസ് ഇടയാവട്ടെ,' എന്നതായിരുന്നു പ്രസ്തുത ട്വീറ്റിന്റെ ഉള്ളടക്കം.

പുൽക്കൂടിന്റെ അർത്ഥവും പ്രാധാന്യവും പ്രഘോഷിക്കാൻ 'വിസ്മയകരമായ അടയാളം' എന്ന പേരിൽ 2019ൽ പാപ്പ ഒരു അപ്പസ്തോലിക തിരുവെഴുത്ത് പുറപ്പെടുവിച്ചിരുന്നു. അതിലെ ഉദ്ബോധനവും ആഹ്വാനവും വീണ്ടും വിശ്വാസികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതായിരുന്നു ഇപ്പോഴത്തെ ട്വീറ്റുകൾ. പ്രസ്തുത തിരുവെഴുത്തിൽ പുൽക്കൂടിനെ വിശുദ്ധ ഫ്രാൻസിസ് അസീസി അടയാളങ്ങളിലൂടെ ആവിഷ്ക്കരിച്ച സുവിശേഷവത്ക്കരണ രീതിയായി ചൂണ്ടിക്കാട്ടിയ പാപ്പ, വീടുകളിലും സ്ഥാപനങ്ങളിലുമെല്ലാം പുൽക്കൂട് ഒരുക്കാനും ആഹ്വാനം ചെയ്തിരുന്നു.

1223 ൽ വിശുദ്ധ ഫ്രാൻസിസ് അസീസിയാണ് തിരുപ്പിറവി ആഘോഷങ്ങളുടെ ഭാഗമായി പുൽക്കൂട് നിർമിക്കുന്ന പതിവ് ആരംഭിച്ചത്. ജീവനുള്ള കാളകളെയും കഴുതകളെയുമൊക്കെ റോമിൽ ഒരു ഗുഹയിൽ കൊണ്ടുവന്നായിരുന്നു അദ്ദേഹത്തിന്റെ പുൽക്കൂട് നിർമാണം. പീന്നീട് നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ, അതത് രാജ്യത്തെ സാംസ്ക്കാരിക ഘടകങ്ങൾക്ക് അനുസരിച്ച് പുൽക്കൂടുകൾക്ക് വിവിധ രൂപവും ഭാവവും കൈവരികയായിരുന്നു. അതുകൊണ്ടുതന്നെ, ഇപ്പോഴത്തെ ട്വീറ്റുകളെ പ്രസ്തുത ക്രൈസ്തവ പാരമ്പര്യം തുടരാനുള്ള ഓർമപ്പെടുത്തൽ തന്നെയായി നിരീക്ഷിക്കാം.






# വിഴിഞ്ഞം സമരത്തെ പരിഹസിക്കരുതേ..

മത്സ്യബന്ധനം മാത്രം വരുമാനം മാർഗ്ഗമായുള്ള ഒരു കൂട്ടംപാവപ്പെട്ട മനുഷ്യർ നാടിന്റെ വികസനത്തിനായി ഇന്ന് തെരുവിൽ അനാഥരായി. നാളുകളായി സിമന്റ് ഗോഡൗണുകളിലും സ്കൂൾ പന്തലിലുമായി അവർ താമസിക്കുന്നു. തെറിവിലിറങ്ങിയവരെ ഗൗനിക്കാതിരുന്നപ്പോൾ സമരം പാതിവഴിയിൽ ഉപേക്ഷിക്കുമെന്ന് അധികാരികൾ കരുതി. നെഞ്ചുറപ്പും ആർത്തലയ്ക്കുന്ന തിരമാലയെ അതിജീവിച്ചും ആത്മവിശ്വാസവും കൈമുതലാക്കിയ തീരദേശ ജനത സമരഭൂവിൽ പതറാതെ നിന്നു. അവഗണനയെ അതിജീവിച്ചവരെ ഭീഷണിപ്പെടുത്തിയും ആക്ഷേപിച്ചും തല്ലിച്ചതച്ചുമൊക്കെ പയറ്റി . കരിമ്പാറ കണക്ക് പുരുഷന്മാരും സ്ത്രീകളും വൃദ്ധരും കുട്ടികളല്ലമൊം സമരമുഖത്ത് തമ്പടിച്ചു. കേന്ദ്രസേനയെ വരുത്തി നേരിടും എന്ന് ഭീഷണിപ്പെടുത്തി. തല്ലിയാലും കൊന്നാലും അവകാശങ്ങൾ നേടിയെടുക്കും വരെ സമരമുഖത്ത് എന്ന് സമരക്കാർ കട്ടായം. അവരുടെ ധർമ്മസമരത്തിന് ആത്മവിശ്വാസവും ധൈര്യവും പകർന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതയും ഒപ്പത്തിനൊപ്പം. വികസനവിരോധികൾ എന്നും തീവ്രവാദികളും എന്നൊക്കെ ആക്ഷേപിക്കാൻ ആരാണ് ഈ കടലോര ജനത.

ഒടുവിൽ നിയന്ത്രണങ്ങൾ പ്രയോഗിച്ച് സമരം അവസാനിപ്പിച്ചു

കേരളത്തെ 2018 ൽ പ്രളയം വിഴുങ്ങിയപ്പോൾ വിഴിഞ്ഞം അടക്കമുള്ള ഓരോ മത്സ്യബന്ധന ഗ്രാമങ്ങളിൽ നിന്നും അന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ഇടയന്റെ നിർദ്ദേശപ്രകാരം നൂറുകണക്കിന് മത്സ്യത്തൊഴിലാളികൾ തങ്ങളുടെ യാനങ്ങളുമായി പ്രളയമുഖത്തേക്ക് പാഞ്ഞു. മനുഷ്യനെ മരണത്തിലേക്ക് തള്ളി വിടാതെ അന്ന് മുക്കുവന്മാർ തങ്ങളുടെ സ്വതസിദ്ധമായ കഴിവുകൊണ്ട് അവരെ രക്ഷപ്പെടുത്തി.

അന്ന് കേരള മുഖ്യമന്ത്രിയും ഈ പൊതുസമൂഹവും അവരെ കേരളത്തിന്റെ സൈന്യം എന്ന് വാഴ്ത്തിപ്പാടി. ഒരു പാട് പാരിതോഷികങ്ങൾ വാഗ്ദാനം ചെയ്തിട്ടും അവർ അതൊന്നും സ്വീകരിച്ചില്ല. എന്നാൽ കാലം മാറി ഒരു പാട് മഴ പെയ്തു വെള്ളവും ഒഴുകിപ്പോയി. എല്ലാവരും എല്ലാം മറന്നു. ഒരു സുപ്രഭാതത്തിൽ കേരള പൊതുസമൂഹത്തിലെ നികൃഷ്ട മനസ്സിന് ഉടമകളായ ചിലർ മത്സ്യത്തൊഴിലാളികളെ തീവ്രവാദികൾ എന്ന് ഇപ്പോൾ മുദ്രകുത്തുന്നു.

വിഴിഞ്ഞം തുറമുഖ കവാടത്തിനു മുന്നിൽ മത്സ്യതൊഴിലാളികൾ യഥാർത്ഥത്തിൽ എന്തിനു വേണ്ടിയാണ് സമരം ചെയ്തത് എന്ന് ഇവരെ കുറ്റപ്പെടുത്തുന്നവർ തിരിച്ചറിയണം. വിഴിഞ്ഞം പദ്ധതി നിർമ്മാണത്തിന്റെ പുരോഗതി ഇവിടംവരെ എത്തിയ സ്ഥിതിക്ക് ഇനി ഒരിക്കലും ആ പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കാൻ കഴിയില്ല എന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പക്ഷേ ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ മൂലം തീരദേശത്തു ഉണ്ടാകുന്ന നഷ്ടങ്ങൾ നികത്തേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വവും കടമയുമാണ്. ജീവിക്കാനുള്ള അവകാശത്തിനു വേണ്ടിയാണ് മത്സ്യത്തൊഴിലാളികൾ പോരാടുന്നത്.

ഈ തുറമുഖ നിർമ്മാണം കാരണം കടലിനുള്ളിൽ സ്വാഭാവികമായും ഉണ്ടായ നീരൊഴുക്കിന്റെ ഗതിമാറ്റത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രദേശത്തിന് വടക്കുഭാഗത്ത് കടലാക്രമണം രൂക്ഷമാവുകയും ഒരുപാട് ഭവനങ്ങൾ നഷ്ടമാവുകയും അവിടെ താമസിച്ചിരുന്ന ജനങ്ങൾ അന്തേവാസികളെ പോലെ അഭയാർത്ഥി ക്യാമ്പുകളിൽ അഭയം പ്രാപിക്കുകയും ചെയ്യേണ്ട അവസ്ഥയാണ് ഇന്ന് സംജാതമായിരിക്കുന്നത്. ഈ രൂക്ഷമായ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് തിരുവനന്തപുരം അതിരൂപതയുടെ കീഴിൽ വരുന്ന എല്ലാ ഇടവക ജനങ്ങളെയും അണിനിരത്തിക്കൊണ്ട് സമരമുഖത്ത് ജനകീയ സമരം ആസൂത്രണം ചെയ്തു മുന്നേറികൊണ്ടിരിക്കുന്നത്.

നിങ്ങൾ വികസനം നടത്തിക്കൊള്ളു അതിൽ ആരും എതിരഭിപ്രായം പറയുന്നില്ല. എന്നാൽ വികസനം മൂലം ഇരകളാക്കപ്പെടുന്ന പാവം ജനങ്ങളുടെ സംരക്ഷണം ഏറ്റെടുക്കേണ്ടത് ഒരു ജനകീയ സർക്കാരിന്റെ ഉത്തരവാദിത്വവും കടമയുമാണ്. അത്തരം നീതി നിഷേധങ്ങൾക്ക് എതിരേയുള്ളതാണ് ഇന്ന് തീരദേശത്ത് ഉയർന്നുകേൾക്കുന്ന സമര ശബ്ദങ്ങൾ. ഈ സമരത്തെ വർഗീയമായി ചിത്രീകരിച്ച് കടൽ മക്കളെ പരിഹസിക്കരുത്.

**ജയിക്കാനല്ല, ജീവിക്കാനാണ് ഈ സമരം...**

# മലയോര മേഖലയിലെ പ്രതിസന്ധി ആരുടെ സൃഷ്ടി?



ഫാ. വർഗീസ് വള്ളിക്കാട്ട്

കേരളത്തിന്റെ മലയോര മേഖല നിർമ്മാണ നിരോധന നിയമത്തിനു കീഴിൽ ആയതിന്റെ ഉത്തരവാദിത്വം ആർക്കാണ്? കൃഷി ചെയ്യാനും വീടു വയ്ക്കാനും മാത്രം അനുമതിയുള്ള പട്ടയങ്ങൾ നൽകാൻ 1964 ൽ നിയമമുണ്ടാക്കിയത് മലയോര മേഖലയിലെ ജനങ്ങൾ ഉൾപ്പെടെയുള്ളവർ തിരഞ്ഞെടുത്തു നിയമ മിർമ്മാണ സഭയിലേക്ക് അയച്ച ജനപ്രതിനിധികളല്ലേ? അവർക്കും, പിന്നെ ഇന്നോളം തിരഞ്ഞെടുക്കപ്പെട്ട ജന പ്രതിനിധികൾക്കും, അറിഞ്ഞുകൂടാത്തതാണോ ഈ മേഖലയിലെ ജനങ്ങൾ വികസനത്തിന്റെ വെള്ളിവെളിച്ചം ആഗ്രഹിക്കുന്നുണ്ട് എന്ന്? എന്തേ നിയമത്തിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരാൻ മടിക്കുന്നു? മതികെട്ടാൻ ചോലയോടു ചേർന്ന കിഴക്കൻ പ്രദേശങ്ങളെ തമിഴ്നാട് സർക്കാർ സീറോ ബഫർ സോണിൽ പെടുത്തിയപ്പോൾ, കേരളം എന്തേ കേരളത്തിൽ വരുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാതിരുന്നു?

കേരള നിയമസഭ, 2003 ൽ പാസ്സാക്കിയ ഇ. എഫ്. എൽ ആക്ടിലൂടെ പരിസ്ഥിതി ദുർബലം എന്നു സർക്കാർ കണ്ടെത്തുന്ന പ്രദേശങ്ങളെ പരിസ്ഥിതി സംരക്ഷണാർത്ഥം ഏറ്റെടുക്കാനും സംരക്ഷിക്കാനുമുള്ള അധികാരം വനംവകുപ്പിൽ നിക്ഷിപ്തമാക്കി. ഇത് അക്ഷരാർത്ഥത്തിൽ, വനംവകുപ്പിന് കേരളത്തിലെ ഏതു ഭൂമിയും, നഷ്ടപരിഹാരം പോലും നൽകാതെ, പിടിച്ചെടുക്കാമെന്ന സാഹചര്യം സൃഷ്ടിക്കുകയും ഒരു സമാന്തര സർക്കാരായി ജനങ്ങൾക്കുമേൽ സ്വേച്ഛാധിപത്യ മനോഭാവത്തോടെ അധികാരം പ്രയോഗിക്കാൻ അവസരം ഒരുക്കിക്കൊടുക്കുകയും ചെയ്തു. ഇതിനുത്തരവാദി ആരാണ്? ഇത് ജനങ്ങളെ കണക്കിലെടുത്തുണ്ടാക്കിയ നിയമമാണോ, അതോ ജനങ്ങളെ സ്വന്തം ഭൂമിയിൽ അഭയാർത്ഥികളാക്കി മാറ്റുന്ന നിയമമാണോ? ഇതിന്റെയൊക്കെ പിന്നിൽ പ്രവർത്തിക്കുന്നത് ആരുടെ താല്പര്യമാണ്?

2005 ൽ, 1964 ലെ ഭൂപതിവ് ചട്ടങ്ങളിൽ അഞ്ചാം വകുപ്പ് ഭേദഗതി ചെയ്ത്, ഒരു വ്യക്തിക്ക് നാലേക്കർ ഭൂമിക്കു പട്ടയം ലഭിക്കുമായിരുന്നത് ഒരേക്കർ എന്നാക്കിയതുവഴി, സ്വന്തം ഭൂമി കൃഷിക്കാരനിൽനിന്നും അന്യാധീനപ്പെടുത്തിയത് മനുഷ്യസ്നേഹം കൊണ്ടാണോ? ഉടുമ്പൻചോല കൺസർവേഷൻ പ്രൊജക്റ്റ്, ചിന്നാർ - പെരിയാർ വന്യജീവി ഇടനാഴി പദ്ധതി തുടങ്ങി നിരവധി തന്ത്രപരവും നിഗൂഢവുമായ ഇടപെടലുകളിലൂടെ ജനവാസ മേഖലകളെ വനഭൂമിയാക്കി മാറ്റാനുള്ള നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവർ, പെട്ടെന്നൊരുനാൾ സുപ്രീംകോടതി വിധിയുണ്ടായപ്പോൾ ഹർത്താലും വഴിതടയലുമായി പ്രത്യക്ഷപ്പെടുന്നതിൽ എന്തു മാത്രം ആത്മാർത്ഥതയുണ്ടാവും എന്നു ജനങ്ങൾ സംശയിച്ചാൽ അവരെ കുറ്റപ്പെടുത്താനാവുമോ?

### മാധവ് ഗാഡ്ഗിൽ മുതൽ ബഫർ സോൺ വിധിവരെ

പശ്ചിമഘട്ടം മലനിരകൾ ഉൾപ്പെടുന്ന പ്രദേശം മുഴുവൻ പരിസ്ഥിതി ദുർബല പ്രദേശമായിക്കണ്ടു സംരക്ഷിക്കുക എന്നതായിരുന്നു ഗാഡ്ഗിൽ റിപ്പോർട്ടിന്റെ രത്നചുരുക്കം. അങ്ങനെ, കേരളത്തിന്റെ കിഴക്കൻ മലനിരകൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഒറ്റയടിക്ക് പരിസ്ഥിതി ദുർബലമായി! അതിന്റെ പരിണതഫലമാണ് തുടർന്നു വന്ന കമ്മിറ്റികളിലൂടെയും സർക്കാർ നിലപാടുകളിലൂടെയും ഇന്നും മലയോര ജനതയുടെ ഉറക്കം കെടുത്തിക്കൊണ്ടിരിക്കുന്നത്. ഇതേ മാനദണ്ഡം വച്ചുനോക്കിയാൽ, കേരളത്തിന്റെ ഏതു മേഖലയാണ് പരിസ്ഥിതി ദുർബലമല്ലാത്തത്? തീരദേശം ദുർബലമല്ലേ? നെൽപ്പാടങ്ങളും കുന്നുകളും താഴ്വരകളുമുള്ള ഇടനാട്ടിലെ നീർമറി പ്രദേശങ്ങൾ പരിസ്ഥിതി ദുർബലമല്ലേ? ഏറ്റവും ദരിദ്രരും ദുർബലരുമായവർ വസിക്കുന്ന ഇടങ്ങളിലെ മനുഷ്യരെ ഏറ്റവും അധികം ദ്രോഹിക്കുക എന്ന നിലപാട് ആരുടെ ബുദ്ധിയാണ്? ഇത്, എന്തുതരം കാട്ടു നീതിയാണ്!

ആരെയും കുടിയിറക്കുകയില്ല എന്നു പറയുകയും, പട്ടണങ്ങളും, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരാലയങ്ങളും, സർക്കാർ ഓഫീസുകളും, കൃഷിഭൂമിയുമുൾപ്പെടെയുള്ള പ്രദേശങ്ങളെ, പരിസ്ഥിതി ലോലമെന്നും ബഫർ സോണെന്നും കമ്മ്യൂണിറ്റി റിസെർവെന്നും വന്യജീവി ഇടനാഴിയെന്നുമൊക്കെ മുദ്രകുത്തി വന മേഖലയാക്കി മാറ്റുകയും, ജനങ്ങളെ സ്വന്തം ഭൂമിയിൽ അഭയാർത്ഥികളാക്കി മാറ്റുകയും ചെയ്യുന്ന നിയമങ്ങൾ ഉണ്ടാക്കുകയും നയങ്ങൾ പിന്തുടരുകയും ചെയ്യുന്ന നമ്മുടെ രാഷ്ട്രീയ പാർട്ടികൾക്കും ജനപ്രതിനിധികൾക്കും, സുപ്രീം കോടതിയേയോ മറ്റു കോടതികളെയോ കുറ്റപ്പെടുത്തി കൈകഴുകാൻ കഴിയുമോ?

### നിയമ നിർമ്മാതാക്കൾ ജനങ്ങളെ പരിഗണിക്കണം

രാഷ്ട്രീയവും അല്ലാത്തതുമായ ലാഭേച്ഛകൾ ഒരുവേള മാറ്റിവച്ചു ജനങ്ങളുടെ വിഷമസ്ഥിതി മനസ്സിലാക്കി, ജനവാസ മേഖലകളെ പൂർണ്ണമായും പരിസ്ഥിതി ദുർബല മേഖലയിൽനിന്ന് ഒഴിവാക്കിയും, നിലവിലുള്ള സംരക്ഷിത വനാതിർത്തികൾക്കുള്ളിൽ ബഫർ സോണുകളുണ്ടാക്കിയും, വനവും പരിസ്ഥിതിയും ജനജീവിതവും സംരക്ഷിക്കുന്ന നടപടികളാണ് രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ രാഷ്ട്രീയ പാർട്ടികളിൽനിന്നും, ജനപ്രതിനിധികളിൽനിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്നത്. അതിനു വേണ്ട നേതൃത്വംകൊടുക്കാൻ ഭരിക്കുന്ന സർക്കാരിനും രാഷ്ട്രീയ നേതൃത്വത്തിനും കഴിയണം. ഇക്കാര്യത്തിൽ, നാളിതുവരെ ഉണ്ടായിട്ടുള്ള നയപരമായ പിഴവുകളും, പ്രത്യയശാസ്ത്ര പിടിവാശികളും, നിക്ഷിപ്ത താല്പര്യങ്ങളും വിലങ്ങുതടിയാകരുത്. ജനപ്രതിനിധികളിൽ ജനങ്ങൾ അർപ്പിച്ചിരിക്കുന്ന വിശ്വാസം തകർന്നുപോകാൻ ഇടവരരുത്. അത് ജനാധിപത്യത്തിന്റെ അടിസ്ഥാന സങ്കൽപ്പത്തെത്തന്നെ തകർക്കുന്നതാണ്. ഭരണാധികാരികൾ വിവേകം വെടിയരുത്. ഇത്, ബഫർ സോൺ വിധിയിൽ പുകയുന്ന മലയോര മേഖലയിലെ ജനങ്ങളുടെ അപേക്ഷയും പ്രാർത്ഥനയുമാണ്.

CAREER CORNER

# സൈബർ സെക്യൂരിറ്റി, സാധ്യതകളുടെ ലോകം



സൈബർ ആക്രമണങ്ങൾ വളരെ അധികം വർധിച്ചു വരുന്നത് ലോകം വളരെ ഭീതിയോടെയാണ് കാണുന്നത്. ഇങ്ങനെയുള്ള സൈബർ ആക്രമണങ്ങളുടെ കാലഘട്ടത്തിലാണ് സൈബർ സെക്യൂരിറ്റി മേഖലയിലെ പുത്തൻ സാധ്യതകൾക്ക് പ്രസക്തിയേറുന്നത്. കംപ്യൂട്ടറുകൾ, സെർവറുകൾ, നെറ്റ്‌വർക്കുകൾ, പ്രോഗ്രാമുകൾ, മൊബൈൽ ഉപയുക്തികൾ, ഇലക്ട്രോണിക് വ്യവസ്ഥകൾ, ശേഖരിച്ചുവച്ച ഡേറ്റ തുടങ്ങിയവയെ സൈബർ ആക്രമണങ്ങളിൽനിന്നു രക്ഷിച്ചു സൂക്ഷിക്കുന്ന വ്യവസ്ഥയാണു സൈബർ സെക്യൂരിറ്റി.

## • പഠനസാധ്യത

മികച്ച പഠനം എംടെക് തലത്തിലാണ്. എംടെക് കംപ്യൂട്ടർ സയൻസ് പ്രോഗ്രാമുകളിൽ സൈബർ സെക്യൂരിറ്റിയിലെ പാഠങ്ങളുണ്ടായിരിക്കും

.ഐഐടി ഡൽഹി: കംപ്യൂട്ടർ സയൻസ് & ഇൻഫർമേഷൻ സെക്യൂരിറ്റി സ്പെഷലൈസേഷനോടെ എംടെക് കംപ്യൂട്ടർ സയൻസ് & എൻജിനീയറിങ്
.എൻഐടി കാലിക്കറ്റ്: എംടെക് കംപ്യൂട്ടർ സയൻസ് & എൻജിനീയറിങ് (ഇൻഫർമേഷൻ സെക്യൂരിറ്റി)
.ഐഐഐടി അലഹബാദ്: എംടെക് സൈബർ ലാ & ഇൻഫർമേഷൻ സെക്യൂരിറ്റി

സാധാരണമായി കംപ്യൂട്ടർ സയൻസ്/ഐടി/ഇലക്ട്രിക്കൽ എൻജിനീയറിങ് ശാഖകളിലൊന്നിൽ ബിടെക് ഉള്ളവർക്കാണു പ്രവേശനം. സമാന പ്രോഗ്രാമുകൾ മറ്റു പലയിടത്തും നടക്കുന്നു. എംഎസ്‌സി മാത്സ്/സ്റ്റാറ്റിസ്റ്റിക്സ് യോഗ്യതയുള്ളവരെയും പ്രവേശിപ്പിക്കുന്ന സ്വകാര്യ യൂണിവേഴ്സിറ്റികളുമുണ്ട്. കംപ്യൂട്ടർ സയൻസ് എംടെക് പ്രോഗ്രാമുകളിലെല്ലാംതന്നെ സെക്യൂരിറ്റി ഉൾപ്പെടും.

കേന്ദ്ര സർക്കാർ സ്ഥാപനമായ, കോഴിക്കോട്ടെ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി (ചകഋഘകഠ): 12 ആഴ്ചത്തെ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഇൻഫർമേഷൻ സിസ്റ്റം സെക്യൂരിറ്റി. ബിടെക്, ബിഎസ്‌സി (കംപ്യൂട്ടർ/ഐടി/ ഇലക്ട്രോണിക്സ്), ബിസിഎ, പിജിഡിസിഎ, 3 വർഷ ഡിപ്ലോമ (കംപ്യൂട്ടർ/ഐടി/ഇലക്ട്രോണിക്സ്) തുടങ്ങിയ യോഗ്യതയുള്ളവർക്കു പ്രവേശനം.



## സൈബർ സുരക്ഷയും ക്രൈം ഇൻവെസ്റ്റിഗേഷനും

ഇന്റർനെറ്റ്, ഇൻട്രാനെറ്റ്, എക്സ്ട്രാനെറ്റ് എന്നിവയ്ക്ക് അത്യാധുനിക സുരക്ഷാ സംവിധാനങ്ങൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നവരാണ് സൈബർ സുരക്ഷാ പ്രൊഫഷണലുകൾ. ഒരു സൈബർ ആക്രമണം നടന്നു കഴിഞ്ഞാൽ അതിന്റെ ഉറവിടത്തെക്കുറിച്ചും അതുണ്ടാക്കിയ നാശനഷ്ടങ്ങളെക്കുറിയും അന്വേഷിക്കുന്നവരാണ് സൈബർ ഇൻവെസ്റ്റിഗേറ്റർമാർ. 2020-ഓടെ ഇന്ത്യയിൽ ഒരു ദശലക്ഷം സൈബർ സുരക്ഷ പ്രൊഫഷണലുകളുടെയും ഇൻവെസ്റ്റിഗേറ്റർമാരുടെയും ആവ ശ്യമുണ്ടാകുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. സർവ്വകലാശാലകൾ, കോളേജുകൾ, പൊതുസ്വകാര്യ സ്ഥാപനങ്ങൾ എന്നിവയൊക്കെ വിവിധ ഐടി സെക്യൂരിറ്റി കോഴ്സുകൾ നടത്തുന്നുണ്ട്.

## • തൊഴിലവസരങ്ങൾ


**സെക്യൂരിറ്റി സ്പെഷ്യലിസ്റ്റ്:**
ഡാറ്റാ മോഷണം, നിയമവിരുദ്ധമായ കോപ്പി, അനധികൃത കടന്നുകയറ്റം എന്നിവയിൽ നിന്ന് കമ്പ്യൂട്ടർ നെറ്റ്‌വർക്കുകൾ, വിവര സംവിധാനങ്ങൾ, മൊബൈൽ ഉപകരണങ്ങൾ, പേയ്മെന്റ് ഗേറ്റ്‌വേകൾ, ഐടി ഉപകരണങ്ങൾ എന്നിവയെ സംരക്ഷിക്കുകയെന്നതാണ് സെക്യൂരിറ്റി സ്പെഷ്യലിസ്റ്റുകളുടെ ഉത്തരവാദിത്തം. ഇവർ സൈബർ ഭീഷണികളെ വിശകലനം ചെയ്യുകയും അവയെ പ്രതിരോധിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്നു.

**സെക്യൂരിറ്റി എഞ്ചിനീയർ**
കമ്പ്യൂട്ടർ സുരക്ഷാ സംവിധാനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും മേൽനോട്ടം വഹിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നവരാണ് സെക്യൂരിറ്റി എഞ്ചിനീയർമാർ. സോഫ്റ്റ്‌വെയർ, വെബ് ഡെവലപ്മെന്റ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ, ഡാറ്റ ശേഖരണ ഉപകരണങ്ങൾ, സുരക്ഷാ മാനദണ്ഡങ്ങൾ, കമ്പ്യൂട്ടർ നെറ്റ്‌വർക്കുകൾ എന്നിവയെക്കുറിച്ച് ആഴത്തിലുള്ള അറിവ് ഇവർക്ക് ഉണ്ടായിരിക്കണം.

**സെക്യൂരിറ്റി അഡ്മിനിസ്ട്രേറ്റർ**
സുരക്ഷാ പ്ലാനിന്റെ വികസനം, സമന്വയം, സുരക്ഷാ നടപടികളുടെ നടപ്പിലാക്കൽ, ഭീഷണി സാധ്യതകൾക്കായുള്ള പരിശോധന എന്നിവയെല്ലാം സെക്യൂരിറ്റി അഡ്മിനിസ്ട്രേറ്ററുടെ ചുമതലയിൽപ്പെടും. ആക്സസ് നിയന്ത്രണം, എൻക്രിപ്ഷൻ രീതികൾ, ഡാറ്റ സമഗ്രത എന്നിവയെക്കുറിച്ച് സെക്യൂരിറ്റി അഡ്മിനിസ്ട്രേറ്റർമാർക്ക് ശക്തമായ അറിവുണ്ടായിരിക്കണം.

**വൾനറബിലിറ്റി ആക്സസർ**
ഐടി സിസ്റ്റങ്ങളും ഡാറ്റകളും വിലയിരുത്തുകയും അതിലൂടെ നിലവിലുള്ള സുരക്ഷാ സംവിധാനങ്ങളിലെ അപകടസാധ്യതയുള്ള മേഖലകൾ തിരിച്ചറിയുകയും ചെയുകയെന്നതാണ് വൾനറബിലിറ്റി ആക്സസറുടെ ചുമതല.

**എത്തിക്കൽ ഹാക്കർ**
എത്തിക്കൽ ഹാക്കർമാരെ പെനട്രേഷൻ ടെസ്റ്റർമാർ എന്നും വിളിക്കുന്നു. ഡാറ്റ സംവിധാനങ്ങളിലും സോഫ്റ്റ്‌വെയറുകളിലും എത്രമാത്രം കടന്നുകയറ്റം സാധ്യമാണെന്ന് കണ്ടെത്തുകയാണ് ഇവരുടെ ചുമതല. വെബ് അധിഷ്ഠിത ആപ്ലിക്കേഷനുകൾ, ഇൻഫർമേഷൻ സിസ്റ്റങ്ങൾ, മറ്റ് പരസ്പര ബന്ധിത ഉപകരണങ്ങൾ എന്നിവയിൽ അവയ്ക്ക് കുഴപ്പമൊന്നും വരുത്താതെ കടന്നുകയറാൻ ശ്രമിക്കുകയും അതിലൂടെ അവയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും



• ബിബിൻ മോൻ വർഗീസ്
62 82 77 65 83

ആഗോളതലത്തിൽ പ്രചാരമുള്ള മികച്ച ഓൺലൈൻ പരിശീലന സൈറ്റുകൾ: www.udemy.com, www.edx.




# മികച്ച രൂപതയ്ക്കുള്ള അംഗീകാരപത്രം കരസ്ഥമാക്കി ഇടുക്കി രൂപതാ ചെറുപുഷ്പ മിഷൻലീഗ്



ഡിസംബർ നാലാം തീയതി ഭരണങ്ങാനത്ത് വച്ച് നടന്ന ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന തല പ്ലാറ്റിനം ജൂബിലി സമാപനസമ്മേളനത്തിൽ വച്ച് മികച്ച രൂപതയ്ക്കുള്ള അംഗീകാര പത്രം ഇടുക്കി രൂപത കരസ്ഥമാക്കി. അതോടൊപ്പം സംസ്ഥാന തലത്തിൽ മികച്ച മേഖലകളായി തെരഞ്ഞെടുക്കപ്പെട്ട മുരിക്കാശ്ശേരി, നെടുങ്കണ്ടം മേഖലകളും മികച്ച ശാഖകളായി തെരഞ്ഞെടുക്കപ്പെട്ട ആയിരമേക്കർ, കാൽവരിമൗണ്ട്, നെല്ലിപ്പാറ എന്നീ ശാഖകളും അന്നേദിവസം അംഗീകാരപത്രം ഏറ്റുവാങ്ങി.

## വിവാഹ ഒരുക്ക സെമിനാർ

**ആത്മജ്യോതി
അടിമാലി**

**2022 ജനുവരി 6, 7, 8**

**രജിസ്ട്രേഷൻ എല്ലാ മാസവും
1,2 തീയതികളിൽ**

Contact : 9447413328, 8078755919,
6235931254



സി. എം. സി. ഹോം മിഷൻ ടീം അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനൊപ്പം.

# ലഹരിയുടെ കിക്കല്ല ഫുട്ബോളിന്റെ കിക്ക്



ലഹരിയുടെ കിക്കിന്റെ പുറകെ പായുന്ന യുവതലമുറക്ക് മാറ്റത്തിന്റെ വഴികാട്ടിയായി 'സ്പാർക് 2K22' നോട് അനുബന്ധിച്ച് കെ. സി. വൈ. എം ഇടുക്കി രൂപതയുടെയും വിവിധ ഭക്ത സംഘടനകളുടെയും നേതൃത്വത്തിൽ സൗഹൃദ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. നാളേക്കായി നല്ല നേതാക്കന്മാരെ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോട് കൂടി കെ. സി. വൈ. എം ഇടുക്കി രൂപത നടത്തുന്ന പരിശീലന ക്യാമ്പിന്റെ മൂന്നാം ഘട്ടമാണ് കാൽവരി മൗണ്ടിൽ വച്ച് നടത്തപ്പെട്ടത്. കാൽവരിമൗണ്ട് പള്ളിവികാരി റവ.ഫാ ജാർജ് മാരിപ്പാട്ട് ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ മൂവാറ്റുപുഴ നഗരസഭ കൗൺസിലർ ശ്രീമതി. ജോയ്സി മേരി ആന്റണി, എ. കെ. സി. സി രൂപത പ്രസിഡന്റ് ശ്രീ. ജോർജ് കോയിക്കൻ തുടങ്ങിയവർ വിവധ ക്ലാസുകൾക്ക് നേതൃത്വം നൽകി.



# ലഹരി വിരുദ്ധ ക്യാമ്പയിനുമായി ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി



ഇടുക്കി രൂപതയുടെ സാമൂഹികക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റി കുട്ടികൾക്കായി മയക്കുമരുന്നിന്റെ ദൂഷ്യ വശങ്ങളെ പറ്റിയുള്ള ക്യാമ്പയിന് തുടക്കം കുറിച്ചു. രാജഗിരി കോളേജുമായി സഹകരിച്ച് ആദ്യഘട്ടം 200 കുട്ടികൾക്കായി എം എസ് ഡബ്ല്യൂ ട്രെയിനിയായ അനിത ഗീത ബോധവൽകരണ ക്ലാസ്സ് നടത്തി.
മയക്കുമരുന്ന് ഉപയോഗം ആരോഗ്യത്തിനുമപ്പുറം സമൂഹത്തിനും ഏറ്റവും വലിയ ഭീഷണി ആണ്. ലോകം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് മയക്കുമരുന്ന് ഉപയോഗം. അത് സമൂഹത്തിൽ നിന്നും പൂർണമായും തുടച്ചു മാറ്റേണ്ടത് ആണ്. മയക്കുമരുന്ന് ഉപയോഗം കൊണ്ടുള്ള അമിതമായ മരണങ്ങൾ മയക്കുമരുന്ന് സംബന്ധമായ ശാരീരികവും മാനസികാവുമായ പ്രത്യാഘാതങ്ങളെ കുറിച്ച് കുട്ടികൾക്കിടയിൽ അവബോധം സൃഷ്ടിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ലക്ഷ്യം. കൗമാരക്കാർക്കിടയിൽ വർധിച്ചുവരുന്ന മയക്കുമരുന്നിന്റെ ഉപയോഗത്തിന് എതിരായി ആണ് ഈ ക്യാമ്പയിൻ തുടക്കമിട്ടത്. ഹെഡ് മിസ്ട്രസ് സിസ്റ്റർ അഞ്ജലി എല്ലാവർക്കും സ്വാഗതം പറഞ്ഞു. ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ.മാത്യൂ തടത്തിൽ ക്യാമ്പയിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും അധ്യാപികയായ ശ്രീമതി സവിത നന്ദി പറയുകയും ചെയ്തു. പരിപാടിയിൽ ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റിയിലെ പ്രോഗ്രാം ഓഫീസർ ആയ സിബി മാളിയക്കൽ, പ്രൊജക്റ്റ് കോർഡിനേറ്റർസ് ആയ എബിൻ കുറുന്താനത്ത്, നിതിൻ തോമസ്, ബിജോ മാത്യു, സെന്റ്. മേരീസ് യു.പി സ്കൂളിലെ അധ്യാപികരായ സിസ്റ്റർ ടാനിയ, ശ്രീമതി ജോളി, സോഷ്യൽവർക്ക് ട്രെയിനിമാരായ അതുല്യ ബാബു, ശ്രീലക്ഷ്മി പി എന്നിവർ പങ്കെടുത്തു.

# എഫ്. സി. സി ഇടുക്കി പ്രൊവിൻസിന് ആഫ്രിക്കയിൽ നിന്നും ദൈവവിളി



എഫ്സിസി ഇടുക്കി പ്രൊവിൻസിനായി ആഫ്രിക്കയിലെ ടാൻസാനിയയിൽ നിന്നും ദൈവവിളി സ്വീകരിച്ച് പരിശീലനം പൂർത്തിയാക്കിയ സി. എഡിന ആഗസ്റ്റി ടെഷ സഭാ വസ്ത്രം സ്വീകരിച്ച് പ്രഥമ വാഗ്ദാനം നടത്തി. 2001 ഏപ്രിൽ മാസത്തിലാണ് ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ ആഫ്രിക്കയിലെ ടാൻസാനിയായിൽ മിഷൻ പ്രവർത്തനം ആരംഭിച്ചത്. വിവിധ പ്രൊവിൻസുകളുടെ 14 മഠങ്ങളും 46 സിസ്റ്റേഴ്സും അവിടെ സേവനം ചെയ്യുന്നു. ഇടുക്കി പ്രൊവിൻസിലെ അഞ്ച് മഠങ്ങളും 17 സിസ്റ്റേഴ്സും ഈ മിഷൻ പ്രദേശത്തുണ്ട്. ടാൻസാനിയയിൽ മോഷി രൂപതയിലെ ഉസെറി ഇടവകയിൽ കർഷകരായ അഗസ്റ്റി ഹെർബട്ട് ടെഷാ, ഫെബ്രോണിയ ആൽഫ്രഡ് ടെഷാ എന്നീ ക്രൈസ്തവ ദമ്പതികളുടെ എട്ടു മക്കളിൽ അഞ്ചാമത്തെ മകളാണ് സി. എഡിന അഗസ്റ്റി ടെഷാ.

സി. എഡിന ആഗസ്റ്റി ടെഷാ ഇടുക്കി നിർമ്മൽ റാണി പ്രോവിൻസിലെ ടാൻസാനിയ മിഷനിൽ സേവനം ചെയ്യുന്നതിന് വേണ്ടിയാണ് വ്രതവാഗ്ദാനം നടത്തിയിരിക്കുന്നത്. 2022 ഡിസംബർ മൂന്നിന് ഡാറേസലാം അതിരൂപത ബിഷപ്പ് യുദാ തദ്ദേയ് റൂവൈച്ചി പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ചടങ്ങുകളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണ, കൗൺസിലർ സി. ഷാലെറ്റ് എന്നിവർ പങ്കെടുത്തു.

*എഫ്സിസി ഇടുക്കി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണയോടൊപ്പം സി. എഡിന ആഗസ്റ്റി ടെഷാ*









# ആവേശമായി






കുഞ്ഞുങ്ങൾക്ക് ആവേശവും ആരവവുമായി മാറിയ തിരുബാലസഖ്യം ഇടുക്കി രൂപതാ കലോത്സവം KIDS FEST 2022 ന് ഡിസംബർ പത്താം തീയതി അടിമാലി കാർമൽഗിരി കോളേജ് വേദിയായി. രാവിലെ 9.30ന് ആരംഭിച്ച മത്സരപരിപാടികളുടെ ഉദ്ഘാടനകർമ്മം കാർമ്മൽഗിരി പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ആനി പോൾ CMC നിർവഹിച്ചു. തുടർന്ന് പതിമൂന്ന് മേഖലകളിൽ നിന്നായി ഇരുന്നൂറോളം പ്രതിഭകൾ പ്രസംഗം, സംഗീതം, ബൈബിൾ വായന, കളറിംഗ്, ആക്ഷൻ സോങ് എന്നീ മത്സരങ്ങളിൽ മാറ്റുരച്ചു. ഉച്ചയ്ക്ക് ഒരു മണിയോടെ അവസാനിച്ച മത്സരങ്ങളുടെ സമ്മാനദാനം റവ. ഫാ.ജോർജ്ജ് തുമ്പനിരപ്പേൽ നിർവഹിച്ചു. റവ .ഫാ. ജിൻസ് കാരക്കാട്ട്, റവ. ഫാ. സോബിൻ കൈപ്പയിൽ, റവ. ഫാ. ജിതിൻ പാറയ്ക്കൽ എന്നിവർ സന്നിഹിതരായിരുന്നു. മത്സരങ്ങളിൽ കൂമ്പൻപാറ, പാറത്തോട്, നെടുങ്കണ്ടം എന്നീ മേഖലകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. രൂപതാ ഡയറക്ടർ റവ. ഫാ. ജേക്കബ്ബ് മങ്ങാടംപള്ളിൽ, രൂപതാ ആനിമേറ്റർ റവ.സി.ജിൻസി പോൾ SH, മേഖലാ ആനിമേറ്റേഴ്സ് എന്നിവർ മത്സരങ്ങളുടെ നടത്തിപ്പിന് നേതൃത്വം നൽകി.

# പാലിയേറ്റീവ് കെയർ യൂണിറ്റ് എല്ലാ ഇടവകകളിലും ആരംഭിക്കണം: മാർ ജോൺ നെല്ലിക്കുന്നേൽ



ആതുര ശുശ്രൂഷാ പ്രവർത്തനങ്ങൾ സഭയുടെ മുഖമാണ്. കിടപ്പുരോഗികളെയും വയോധികരെയും ശുശ്രൂഷിക്കാൻ എല്ലാ ഇടവകകളിലും പാലീയേറ്റീവ് കെയർ യൂണിറ്റ് ആരംഭിക്കണമെന്ന് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ. ഗുഡ് സമരിറ്റൻ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററിന്റെ കുടുംബസംഗമം ഉദ്ഘാടനം ചുരുളിയിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പക്ഷം ചേരുന്നതാണ് സഭയുടെ പ്രവർത്തനശൈലി. രോഗികളോടും പ്രായമായവരോടും കാരുണ്യത്തോടെ വർത്തിക്കാൻ കഴിയേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. രൂപതയിലെ എല്ലാ ഇടവകയിലും സന്യസ്തരുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. വരുന്ന വർഷം രൂപതയിലെ കിടപ്പുരോഗികളെ പരമാവധി ഭവനത്തിലെത്തി സന്ദർശിക്കാൻ ശ്രമിക്കുമെന്നും അതിന്റെ ആദ്യ പടിയായി രൂപതയിൽ ശുശ്രുഷ ചെയ്യുന്ന വൈദീകരുടെ പ്രായമായ മാതാപിതാക്കളെ സന്ദർശിക്കുമെന്നും അദ്ദേഹം അറിയിച്ചു.രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, അസി.ഡയറക്ടർഫാ.ജോൺസൺ ചെറുകുന്നേൽ, ശ്രീ. ടോമി വെളിഞ്ഞാലിൽ, ശ്രീ. റോബർട്ട് കണ്ണൻചിറ, സി.റോസിൻ എഫ് സി സി എന്നിവർ സംസാരിച്ചു.





# അടിമാലി സെന്റ് ജൂഡ് ടൗൺ പള്ളി തീർത്ഥാടന കേന്ദ്രത്തിൽ

## 2023 ജനുവരി 6 മുതൽ 15 വരെ തീയതികളിൽ

ഇടവക മധ്യസ്ഥനായ വി. യൂദാശ്ലീഹായുടെ തിരുനാൾ മഹോത്സവം

ഇടുക്കി രൂപതയിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ അടിമാലി സെന്റ് ജൂഡ് ടൗൺ പള്ളിയിൽ ഇടവകയുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. യൂദാശ്ലീഹായുടെ തിരുനാൾ 2023 ജനുവരി 6 വെള്ളി മുതൽ 15 ഞായർ വരെ തീയതികളിൽ ഭക്തിനിർഭരമായി ആഘോഷിക്കുകയാണ്. തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ഫാ. ജോസഫ് കൊച്ചുകുന്നേൽ (വികാരി)
ഫാ. തോമസ് മടിക്കാങ്കൽ (സഹവികാരി)

അഗസ്റ്റിൻ തൈക്കണ്ടം, ഡേവിസ് പള്ളാശ്ശേരി, ജോസ് മേക്കുന്നേൽ, സജി പുല്ലൻ (കൈക്കാരൻമാർ)

പ്രധാന തിരുനാൾ തിരുക്കർമ്മങ്ങൾ

**2023 ജനുവരി 06, ആദ്യവെള്ളി**

11:45 PM : തിരുനാൾ കൊടിയേറ്റ്
മോൺ. ജോസ് പ്ലാച്ചിക്കൽ
(വികാരി ജനറാൾ, ഇടുക്കി രൂപത)

**2023 ജനുവരി 12, വ്യാഴം**

06:00 PM : സെന്റ് ജൂഡ് പബ്ലിക് സ്കൂൾ വാർഷികം

**2023 ജനുവരി 13, വെള്ളി**

കലാസന്ധ്യ



**2023 ജനുവരി 14, ശനി**

05:30 PM : ടൗൺപ്രദക്ഷിണം, വാദ്യമേള പ്രകടനം, ചെണ്ടഫ്യൂഷൻ

**2023 ജനുവരി 15 ഞായർ**

09:30 AM : പൊന്തിഫിക്കൽ കുർബാന
മാർ ജോൺ നെല്ലിക്കുന്നേൽ
(ഇടുക്കി രൂപതാ മെത്രാൻ)
ഊട്ടു നേർച്ച

07:00 PM : വി. പത്രോസ് (ബൈബിൾ നാടകം)
കൊച്ചിൻ മരിയ കമ്മ്യൂണിക്കേഷൻസ്

## ആശംസകൾ...

For Online Admission Visit Our Website
www.carmelgiricollege.org



# CARMELGIRI COLLEGE

ADIMALI-KERALA-685561
AFFILIATED TO MAHATMA GANDHI UNIVERSITY
A CONCERN OF CMC SISTERS ,CARMELGIRI PROVINCE,IDUKKI

**P.G COURSES**

- M.Com Finance
- MSW

**U.G COURSES**

- B.Com Finance & Taxation Model 1
- B.Com Computer Application Model 1
- B.Sc Psychology Model 1
- B.A English Model 1

OUR HIGHLIGHTS

- Placement Assistant
- NSS , Youth Club
- Cash Award For Toppers Of Each Semester
- Scholarship For Excellent New Admissions
- Sports Amenities,Cultural Activities

Wisdom Enlightens
Knowledge Empowers

**Add On Courses**

TALLY, GST, MS OFFICE, HTML, PHOTOSHOP, MOOC, GERIATIC CARE, COMMUNICATION SKILLS

Phone:04864-217382 Mob:9745181899 Web:www.carmelgiricollege.org Email:carmelgiricollege@gmail.com

# ഉണ്ണിയേശുവിനെ വരവേൽക്കുവാൻ ഒരുങ്ങി തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾ



*സ്വന്തമായി നിർമ്മിച്ച ക്രിസ്തുമസ് ട്രീകളുമായി ഭൂമിയാംകുളം ഇടവകയിലെ തിരുബാലസഖ്യം കുട്ടികൾ*

തിരുപ്പിറവിക്ക് വേണ്ടി തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾ ഒന്നുചേർന്ന് പ്രാർത്ഥിച്ചൊരുങ്ങി. ഡിസംബർ മാസത്തിലെ ഓരോ ആഴ്ചയും വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെയാണ് കുഞ്ഞുങ്ങൾ ഉണ്ണിയേശുവിനെ സ്വീകരിക്കുവാൻ തയ്യാറായത്.

മതാധ്യാപകരുടെയും മാതാപിതാക്കളുടെയും സഹായത്തോടെ കുട്ടികൾ നക്ഷത്രങ്ങളും ക്രിസ്തുമസ് ട്രീ യും ക്രിസ്തുമസ് കാർഡും പുൽക്കൂടും നിർമ്മിക്കുകയുണ്ടായി.നിർമ്മിച്ച വസ്തുക്കൾ ഞായറാഴ്ചകളിൽ ദേവാലയങ്ങളിൽ പ്രദർശിപ്പിക്കുകയും ചെയ്തു. ഓരോ ദിവസവും കുട്ടികൾക്ക് നൽകുന്ന വചനം ഉപയോഗിച്ച് വചന പൂമരവും കുട്ടികൾ നിർമ്മിച്ചു. വചനം പഠിക്കുവാനും ക്രിസ്തുമസിന്റെ ആഘോഷങ്ങളിൽ പങ്കെടുക്കുവാനും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് ഏറെ സഹായകമായി




നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ എഴുകുംവയലിൽ ആരംഭിച്ച സാരഥിയുടെ അംഗങ്ങൾ സംസ്ഥാന ഡയറക്ടർ ഫാ. സിന്റോ തൊറയൻ ഫാ. ജോർജ് പാട്ടത്തേക്കുഴി എന്നിവരോടൊപ്പം

## ദൈവവിളി ക്യാമ്പ്

8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കായി ഡിസംബർ 27 രാവിലെ 10 മുതൽ 29 രാവിലെ 10 വരെ തടിയമ്പാട് മാർ എത്രയും മൈനസ് സെമിനാരിയിൽ വച്ച് ദൈവവിളി ക്യാമ്പ് നടക്കുന്നു. വൈദികൻ ആകാൻ ആഗ്രഹിക്കുന്ന കുട്ടികൾക്ക് സ്വാഗതം

Contact : 85 90 14 37 37




## വിദ്യാർത്ഥികൾ ക്രിസ്തീയ മൂല്യമുള്ളവരായി വളരണം: മോൺ. ജോസ് പ്ലാച്ചിക്കൽ


വിദ്യാർത്ഥികൾ ക്രിസ്തീയ മൂല്യമുള്ളവരായി വളരണമെന്ന് മോൺ. ജോസ് പ്ലാച്ചിക്കൽ. ഇടുക്കി രൂപതാ കെസിഎസ്എൽ ദിനാചരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡിസംബർ രണ്ടാം തീയതി തങ്കമണി സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ട കെസിഎസ്എൽ ദിനാചരണ പരിപാടികൾ വെരി. റവ. ഡോ. ജോസ് മാറാട്ടിൽ രാവിലെ 9 മണിക്ക് പതാക ഉയർത്തി ആരംഭിച്ചു. പന്ത്രണ്ട് മണിക്ക് മോൺ. ജോസ് പ്ലാച്ചിക്കലിന്റെ കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയ്ക്കുശേഷം വിശ്വാസ പ്രഘോഷണറാലി നടത്തപ്പെട്ടു. തുടർന്ന് കെസിഎസ്എൽ രൂപതാ പ്രസിഡന്റ് സിബിച്ചൻ ജോസഫ് അധ്യക്ഷത വഹിച്ച പൊതുസമ്മേളനത്തിന് സ്കൂൾ മാനേജർ റവ. ഡോ. ജോസ് മാറാട്ടിൽ സന്ദേശം നൽകി. സ്കൂൾ പ്രിൻസിപ്പാൾ റവ.ഫാ. ജെയിംസ് പാലയ്ക്കാമറ്റം, രൂപതാ ആനിമേറ്റർ സി.സ്റ്റെല്ല ടഒ, സ്കൂൾ ആനിമേറ്റർ ശ്രീമതി ജൂലിമോൾ വർഗീസ് എന്നിവർ നേതൃത്വം നൽകിയ പരിപാടിയിൽ വിവിധ മത്സരങ്ങളിൽ വിജയികളായ കുട്ടികൾക്ക് രൂപതാ ഡയറക്ടർ റവ.ഫാ. ജേക്കബ്ബ് മങ്ങാടംപള്ളിൽ സമ്മാനദാനം നിർവഹിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറിയ യോഗത്തിന് കെസിഎസ്എൽ മുൻ രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ശ്രീ. ജോഷി ജോസഫ് കൃതജ്ഞതയർപ്പിച്ചു സംസാരിച്ചു.

## ഫാ. സ്റ്റാൻ സ്വാമിക്കെതിരെയുള്ള എൻ.ഐ.എ തെളിവുകൾ വ്യാജം

ജസ്യൂട്ട് വൈദികനും മനുഷ്യാവകാശ പ്രവർത്തകനുമായിരുന്ന ഫാ. സ്റ്റാൻ സ്വാമിക്ക് എതിരെ അന്വേഷണ ഏജൻസിയായ എൻഐഎ ഹാജരാക്കിയത് കൃത്രിമമായി സൃഷ്ടിച്ച തെളിവുകളായിരുന്നെന്ന് ഫോറൻസിക് റിപ്പോർട്ട്. അമേരിക്കയിലെ ഫോറൻസിക് സ്ഥാപനമാണ് ഇതുസംബന്ധിച്ച തെളിവുകൾ പുറത്തുവിട്ടത്. ജാർഖണ്ഡിലെ ആദിവാസികളുടെ ശബ്ദമായിരുന്ന ഫാ. സ്റ്റാൻ സ്വാമിയെ 2020 ഒക്ടോബർ 20-നാണ് ഭീമ കൊറേഗാവ് കേസിൽ മാവോയിസ്റ്റ് ബന്ധം ആരോപിച്ച് യുഎപിഎ ചുമത്തി എൻഐഎ അറസ്റ്റു ചെയ്തത്. അതു കെട്ടിച്ചമച്ച കേസായിരുന്നു എന്ന സത്യമാണ് ഇപ്പോൾ തെളിയുന്നത്.

ബോസ്റ്റണിലെ ആഴ്സണൽ കൺസൾട്ടിംഗ് നടത്തിയ പരിശോധനയിലാണ് ഇക്കാര്യം വ്യക്തമായത്. 84-കാരനായ ഫാ. സ്റ്റാൻ സ്വാമി ഒമ്പതുമാസം വിചാരണ തടവുകാരനായിരുന്നു. 2021 ജൂലൈ അഞ്ചിന് ജുഡീഷ്യൽ കസ്റ്റഡിൽ വച്ചായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം സംഭവിച്ചത്. പാർക്കിസൺസ് രോഗിയായിരുന്ന ഫാ. സ്റ്റാൻ സ്വാമി കോവിഡ് ബാധിച്ചായിരുന്നു മരണമടഞ്ഞത്. ഫാ. സ്റ്റാൻ സ്വാമിക്ക് ചികിത്സ നിഷേധിക്കാൻപ്പോലും അന്വേഷണ ഏജൻസി ശ്രമിച്ചിരുന്നു. സ്വകാര്യ ആശുപത്രിയിൽ അദ്ദേഹത്തിന് ചികിത്സ നൽകണമെന്ന ആവശ്യത്തെ എതിർത്ത എൻഐഎ മെഡിക്കൽ രേഖകളിൽ സംശയം ഉണ്ടെന്നുമായിരുന്നു കോടതിയിൽ വാദിച്ചത്. ആ വാദം തള്ളിക്കളഞ്ഞ കോടതി അദ്ദേഹത്തിന് മുംബൈയിലെ ഹോളി ഫാമിലി ആശുപത്രിയിൽ ചികിത്സയ്ക്ക് അനുവാദം നൽകുകയായിരുന്നു.

ആദിവാസി പ്രശ്നങ്ങളിൽ ഫാ. സ്റ്റാൻസ്വാമി നടത്തിയിരുന്ന സജീവ ഇടപെടലുകൾ അദ്ദേഹത്തെ ഗവൺമെന്റിന്റെ ശത്രുവാക്കി മാറ്റിയിരുന്നു. അതേതുടർന്നാണ് കള്ളക്കേസിൽ കുടുക്കി അദ്ദേഹത്തെ ജയിലിൽ അടച്ചതെന്ന കാര്യം അന്നുതന്നെ പുറത്തുവന്നതാണ്. അതെല്ലാം സത്യമായിരുന്നു എന്നാണ് ഫോറൻസിക് തെളിവുകൾ ഇപ്പോൾ വ്യക്തമാക്കുന്നത്.





# ബഫർ സോൺ റിപ്പോർട്ട്

## അവ്യക്തവും ആശങ്കാജനകവും : ഇടുക്കി രൂപത

ബഫർ സോൺ വിഷയത്തിൽ സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ ഉപഗ്രഹസർവേയിലൂടെ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ട് ഹൈറേഞ്ച് നിവാസികളെ കൂടുതൽ ആശങ്കയിലും സമ്മർദ്ദത്തിലുമാക്കിയിരിക്കുകയാണെന്ന് ഇടുക്കി രൂപത ജാഗ്രതാ സമിതി വിലയിരുത്തി. തങ്ങളുടെ ആയുഷ്കാല സമ്പാദ്യമായ പാർപ്പിടവും കൃഷിയിടവും സംരക്ഷിച്ചു നിലനിർത്തി അതിജീവനത്തിനായുള്ള പോരാട്ടത്തിലായിരിക്കുന്ന പ്രദേശവാസികളെ ബോധ്യപ്പെടുത്തുവാനായി തയ്യാറാക്കിയിരിക്കുന്ന ശാസ്ത്രീയ റിപ്പോർട്ട് കൂടുതൽ അശാസ്ത്രീയമായിരിക്കുന്ന അവസ്ഥയാണ് ഇന്ന് സംജാതമായിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ബഫർ സോൺ മേഖലകൾ തിരിച്ചറിയുവാനുള്ള ലാൻഡ് മാർക്കുകൾ വ്യക്തമല്ല. പുഴകൾ, വാർഡ് അതിർത്തികൾ, പഞ്ചായത്ത് വില്ലേജ്തല നമ്പറുകൾ എന്നിവ സാധാരണ ജനങ്ങൾക്കു മനസ്സിലാകുന്ന രീതിയിൽ രേഖപ്പെടുത്തിയിട്ടില്ല. വീടുകളും വാണിജ്യസ്ഥാപനങ്ങളും ഒരേ രീതിയിൽ അടയാളപ്പെടുത്തിയിരിക്കുന്നതും ഈ റിപ്പോർട്ട് കൂടുതൽ ദുർഗ്രഹമാക്കുന്നു. ഇതിൽനിന്നും മനസ്സിലാക്കുന്നതനുസരിച്ച് ഏതാണ്ട് 4610 ഓളം കെട്ടിടങ്ങൾ (തട്ടേക്കാട്-771, ഇരവികുളം-70, ചിന്നാർ-23, ആനമുടി-1292, കുറിഞ്ഞിമല-597 പാമ്പാടുംചോല 63, മതികെട്ടാൻചോല 100, ഇടുക്കി 3944, പെരിയാർ 570) നിശ്ചയിക്കപ്പെട്ട വന്യജീവിസങ്കേതത്തിന്റെ മേഖലയിൽ മാറ്റിവയ്ക്കപ്പെട്ടാൽ ഈ പ്രദേശങ്ങളിലെ വാണിജ്യ വിദ്യാഭ്യാസ, മത, ആതുരാലയ സംവിധാനങ്ങളെത്തന്നെ നിഷ്കരുണം തകർക്കുമെന്നതിൽ സംശയമില്ല. ഇടുക്കിയിലെ ജനങ്ങൾ ജനകീയ സമരങ്ങളിലൂടെ ചെറുത്തുതോല്പിച്ച് കസ്തൂരിരംഗൻ, മാധവ് ഗാഡ്ഗിൽ റിപ്പോർട്ടുകൾ വളഞ്ഞ വഴിയിലൂടെ നടപ്പിൽ വരുത്താനുള്ള ശ്രമമാണ് ബഫർ സോൺ പ്രഖ്യാപനം. വനവിസ്തൃതി വർധിപ്പിക്കുന്നതിനുവേണ്ടി വനംവകുപ്പും പരിസ്ഥിതി സംഘടനകളും നടത്തുന്ന ഗൂഢാലോചനയുടെ ഭാഗമാണിതെന്ന് ഇടുക്കി ജില്ലയിലെ ജനങ്ങൾ കരുതുന്നു

**14619 കെട്ടിടങ്ങൾ ബഫർ സോണിൽ വരും**

(തട്ടേക്കാട്-771, ഇരവികുളം-70, ചിന്നാർ-23, ആനമുടി-1292, കുറിഞ്ഞിമല-597 പാമ്പാടുംചോല 63, മതികെട്ടാൻചോല 100, ഇടുക്കി 3944,

**ഇത്തരത്തിൽ ഒരു ബഫർസോൺ വന്നാൽ ഈ പ്രദേശങ്ങളിലെ വാണിജ്യ, വിദ്യാഭ്യാസ, മത, ആതുരാലയ സംവിധാനങ്ങളെല്ലാം നിഷ്കരുണം തകർക്കും**

മഹാരാഷ്ട്ര പോലുള്ള ഇതര സംസ്ഥാനങ്ങൾ സുപ്രീംകോടതി വിധിക്കെതിരേ ബഫർ സോൺ ഒഴിവാക്കി വിധി സമ്പാദിച്ചതുപോലെ ഈ പ്രദേശത്തിന്റെ ജനകീയ താത്പര്യം പരിഗണിച്ച് നിജസ്ഥിതി കോടതിയിൽ ബോധ്യപ്പെടുത്തി അനുകൂല വിധി സമ്പാദിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകണമെന്ന് സമിതി ആവശ്യപ്പെട്ടു. ഇത്രയേറെ ജനങ്ങളുടെ നിലനില്പ്പിനെത്തന്നെ ഗൗരവമായി ബാധിക്കുന്ന ഈ വിഷയത്തെക്കുറിച്ചു ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടികളും ചില മുഖ്യധാരാ മാധ്യമങ്ങളും കാണിക്കുന്ന നിസ്സംഗതയും ചിറ്റമ്മ നയവും അവസാനിപ്പിച്ച് നാടിന്റെ നട്ടെല്ലായകർഷകർക്ക് അർഹമായ അവകാശങ്ങൾ സംരക്ഷിക്കുവാൻ ശക്തമായ നിലപ



## വോളിബോൾ മാമാങ്കത്തിനായി പാവനാത്മ ഒരുങ്ങി

**ഡിസംബർ 25 മുതൽ 27 വരെ ഇന്റർ യൂണിവേഴ്സിറ്റി സൗത്ത് മെൻസ് വോളിബോൾ**

**ഡിസംബർ 27 മുതൽ ജനുവരി 6 വരെ ആൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി വിമൻസ് വോളിബോൾ**

**1500 ൽപരം മത്സരാർത്ഥികൾ പങ്കെടുക്കുന്നു**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ച് ഡിസംബർ 25 മുതൽ 27 വരെ നടക്കുന്ന ഇന്റർ യൂണിവേഴ്സിറ്റി സൗത്ത് മെൻസ് വോളിബോൾ മത്സരത്തിനായും ഡിസംബർ 27 മുതൽ ജനുവരി 6 വരെ നടത്തുന്നു. ആൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി വിമൻസ് വോളിബോൾ ചാമ്പ്യൻഷിപ്പിനുമായി പാവനാത്മാ കോളേജും മുരിക്കാശ്ശേരിയും എല്ലാവിധ ഒരുക്കങ്ങളും ആരംഭിച്ചു. കോളേജ് സെമിനാർ ഹാളിൽ കോളേജ് മാനേജർ മോ. ജോസ് പ്ലാച്ചിക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഓർഗനൈസിംഗ് കമ്മറ്റി ബഹു. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു.

ഹൈറേഞ്ചിലെ എല്ലാ വിഭാഗം ആളുകൾക്കും മത്സരം കാണുതിനും ആസ്വദിക്കുതിനും വിപുലമായ സംവിധാനങ്ങൾ ഇടുക്കിയിൽ ഒരുക്കുമെന്ന് റോഷി അഗസ്റ്റിൻ പ്രഖ്യാപിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തുന്ന ആയിരക്കണക്കിന് കായിക താരങ്ങൾക്കും ടീം മാനേജർമാർക്കും ഇടുക്കിയുടെ പരിസ്ഥിതി സൗന്ദര്യം ആസ്വദിക്കുതിനുള്ള കർമ്മപരിപാടികൾ ഗവമെന്റിന്റെ ഭാഗത്തുനിന്നും നടപ്പിലാക്കുന്നതാണെന്ന് മന്ത്രി അറിയിച്ചു. ഇടുക്കി എം.പി. ശ്രീ. ഡീൻ കുര്യാക്കോസിന്റെയും ഇടുക്കി ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ. റോമിയോ സെബാസ്റ്റ്യന്റെയും, ഇടുക്കി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജിജി കെ. ഫിലിപ്പിന്റേയും, വാത്തിക്കുടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സിന്ധു ജോസിന്റെയും സി.പി.എം. ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീ. സി.വി. വർഗീസിന്റെയും നേതൃത്വത്തിൽ വിവിധ കമ്മറ്റികൾക്ക് രൂപം നൽകി.

ഓരോ ദിവസവും നടക്കുന്ന മത്സരങ്ങൾ ഉദ്ഘാടനം ചെയ്യുതിനായി വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യു കേന്ദ്ര സംസ്ഥാന മന്ത്രിമാരെയും ഉദ്യോഗസ്ഥരെയും മുരിക്കാശ്ശേരിയിൽ എത്തിക്കണമെും യോഗത്തിൽ തീരുമാനിച്ചു. യോഗത്തിന് പാവനാത്മാ കോളേജ് പ്രിൻസിപ്പൽ ഡോ. ബെന്നോ പുതിയാപറമ്പിൽ സ്വാഗതവും കോളേജ് ബർസാർ ഡോ. ജായസ് മറ്റം നന്ദിയും അറിയിച്ചു.


"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ
സന്മനസ്സുള്ളവർക്ക് സമാധാനം"
എല്ലാവർക്കും IMMIGRANT ACADEMY യുടെ
ഹൃദയം നിറഞ്ഞ
ക്രിസ്തുമസ്, പുതുവത്സരാശംസകൾ
IELTS, OET, GERMAN, SPOKEN ENGLISH
OFFLINE & ONLINE BATCHES
Study in
UK, CANADA, IRELAND, GERMANY, NEW ZEALAND,
POLAND, AND 25+ COUNTRIES
വിദേശ വിദ്യാഭ്യാസ രംഗത്ത് 100% success
IMMIGRANT ACADEMY
പുതുവർഷ
ഓഫർ
FREE IELTS
TRAINING*
(January 10ന് മുമ്പ് join
ചെയ്യുന്ന ഏവർക്കും)
'നിബന്ധനകൾ വിധേയം'
www.immigrant-academy.com
For More Details
+91 8089360667
+91 9633380667
KATTAPPANA
NEAR KSEB SUBSTATION

malanadu

# malanadu® CAKES

*Celebrate This Christmas Season With Malanadu Cakes...*




Rich Plum ★ Plum ★ Marble ★ Pineapple

Chocolate ★ Carrot ★ Honey ★ Coconut ★ Banana

**Available in 800g, 700g & 350g**

**MALANADU DEVOLOPMENT SOCIETY** - Parathode P.O, Kanjirappally, Kottayam-686 512

**CONTACT US WITH YOUR VALUABLE FEEDBACK AND QUERIES**

**Kanjirappally - 96568 64980, Pathanamthitta - 8891320043, Thiruvananthapuram - 9746160529, Ernakulam - 9072777984, Thrissur - 9072777985, Palakkad - 9072777987**

Email: malanadu.org.@gmail.com


**Printed and published by Fr Jins Karakkattu, Owned by Media Commission Diocese of idukki, Bishop's house, Manippara P.O, Karimpan, Idukki-685602, Kerala, Printed at Viani Printings, Viani Road, Ernakulam North P.B.No.3062, Kochi-18 Kerala, India. Published from Christujyothi Pastoral Centre, Editor: Fr Jins Karakkattu**